

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 3

# ദൈവത്തിൽനിന്ന് അകലുന്ന മനുഷ്യൻ



സ്നേഹപിതാവായ ദൈവം ആദത്തെയും ഹവ്വായെയും വളരെയധികം സ്നേഹിച്ചു. എല്ലാ സൗഭാഗ്യങ്ങളും നിറഞ്ഞ ഏദൻതോട്ടവും അവർക്കു നൽകി. അവർ ദൈവത്തോടൊപ്പം സന്തോഷത്തോടെ ജീവിച്ചു.

തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മ കളുടെ വൃക്ഷത്തിന്റെ പഴം തിന്നരുതെന്ന് ദൈവം അവരോടു കല്പിച്ചിരുന്നു .

– പിന്നീട് അവർക്ക് എന്തു സംഭവിച്ചു?







അങ്ങനെ ആദവും ഹവ്വായും
ദൈവത്തെ മറന്നു.
ദൈവകല്പന ലംഘിച്ചു.
ദൈവസ്നേഹം നിരസിച്ചു.
അവർ പാപം ചെയ്തു.

പാപം ചെയ്യുന്നതുവഴി നാം ദൈവ ത്തിൽനിന്ന് അകലുന്നു.



# നമുക്കു പാടാം



ദൈവത്തിൻ തിരുകല്പനകൾ
ആദിപിതാക്കൾ ലംഘിച്ചു
ദൈവത്തിൻ തിരുമുമ്പിലവർ
പാപികളായി തീർന്നേവം.

ദൈവത്തിൻ തിരുസ്വരമന്നാ
പറുദീസായിൽ കേട്ടപ്പോൾ
ഭീതിയോടാദവുമവ്വായും
ഓടിയൊളിച്ചതിവേഗമൊടെ.





# നമുക്കുപ്രാർത്ഥിക്കാം

ദൈവമേ, എന്നോടു കരുണ തോന്നണമേ ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

# എന്റെ തീരുമാനം

**മാതാപിതാക്കന്മാർ ചെയ്യരുതെന്നു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ  ഞാൻ ചെയ്യുകയില്ല.**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവം ആദത്തെയും ഹവ്വായെയും വളരെയധികം സ്നേഹിച്ചു.

* സാത്താന്റെ പ്രേരണയാൽ അവർ ദൈവകല്പന ലംഘിച്ചു.

* പാപം ചെയ്ത് അവർ ദൈവത്തിൽ നിന്നകന്നു.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ കല്പനകൾ നാം അനുസരിക്കണം.

* കല്പനകൾ ലംഘിക്കുവാനുള്ള പ്രേരണകളെ അതിലംഘിക്കണം.

* മാതാപിതാക്കളെയും അധ്യാപകരെയും മറ്റ് മുതിർന്നവരെയും  അനുസരിക്കണം.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* വീട്ടിൽ മാതാപിതാക്കളെയും മുതിർന്നവരേയും അനുസരിക്കുക.

* സ്കൂളിൽ, ദൈവാലയത്തിൽ, മതബോധന ക്ലാസിൽ നിയമങ്ങൾ അനുസരിക്കുക.

* തെറ്റുകൾ ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുക.




THANK
YOU